**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **10-06-2024 - ൽ മറുപടിയ്ക്ക്**

**അവയവകച്ചവട റാക്കറ്റുകളുടെ പ്രവർത്തനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യാന്തരതലത്തിൽ പ്രവർത്തിക്കുന്ന അവയവക്കച്ചവട റാക്കറ്റ്, സംസ്ഥാനത്തിന്റെ പല ഭാഗത്തു നിന്നും മനുഷ്യക്കടത്തു നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന അവയവ മാഫിയ സംഘത്തിന്റെ വേരുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 U/s 370, 34 IPC & 19 (a)(b)(c) of Transplantation of Human and Tissues Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>അന്വേഷണത്തിന്റെ ഭാഗമായി സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലംകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്ക് എതിരെ ബ്ലൂകോർണർ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന അപേക്ഷ നൽകിയിട്ടുള്ളതുമാണ്. ഇതുവരെയുള്ള അന്വേഷണങ്ങളിൽ നിന്ന് ഡോണർമാരായി കൂടുതൽ പോയിട്ടുള്ളത് ഹൈദ്രാബാദ്, ബംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നാണ്. പാലക്കാട്ടുള്ള ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി നൽകിയിട്ടുള്ളതായി അറിവായിട്ടുള്ളതാണ്. ഈ കേസ്സിൽ കിഡ്നി നൽകിയിട്ടുള്ള കൂടുതൽ ഡോണർമാരെ കണ്ട് പിടിച്ച് അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് അന്തർസംസ്ഥാന ബന്ധമുള്ള അവയവ മാഫിയയുടെ പ്രവർത്തനങ്ങൾക്ക് എതിരെ ശക്തമായ അന്വേഷണ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മനുഷ്യക്കടത്തിന് നേതൃത്വം നൽകുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന അവയവ മാഫിയ സംഘത്തിന്റെ വേരുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 U/s 370, 34 IPC & 19 (a)(b)(c) of Transplantation of Human and Tissues Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>അന്വേഷണത്തിന്റെ ഭാഗമായി സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലംകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്ക് എതിരെ ബ്ലൂകോർണർ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന അപേക്ഷ നൽകിയിട്ടുള്ളതുമാണ്. ഇതുവരെയുള്ള അന്വേഷണങ്ങളിൽ നിന്ന് ഡോണർമാരായി കൂടുതൽ പോയിട്ടുള്ളത് ഹൈദ്രാബാദ്, ബംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നാണ്. പാലക്കാട്ടുള്ള ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി നൽകിയിട്ടുള്ളതായി അറിവായിട്ടുള്ളതാണ്. ഈ കേസ്സിൽ കിഡ്നി നൽകിയിട്ടുള്ള കൂടുതൽ ഡോണർമാരെ കണ്ട് പിടിച്ച് അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്ത്വത്തിൽ 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് അന്തർസംസ്ഥാന ബന്ധമുള്ള അവയവ മാഫിയയുടെ പ്രവർത്തനങ്ങൾക്ക് എതിരെ ശക്തമായ അന്വേഷണ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഇത്തരം റാക്കറ്റുകളുടെ പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഇത്തരം റാക്കറ്റുകളുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നീരിക്ഷണം ഏർപ്പെടുത്തുകയും ടി റാക്കറ്റുകളുടെ പ്രവർത്തനം തടയുന്നതിന് ഇന്ത്യൻ ശിക്ഷാ നിയമം, Transplantation of Human and Tissues Act എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. അനധികൃത റാക്കറ്റുകളുടെ പ്രവർത്തനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണവും മുന്നറിയിപ്പും പോലീസിന്റെ സാമൂഹ്യമാധ്യമങ്ങൾ വഴി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ